പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4850 22.3.2018 -ൽ മറുപടിയ്ക്ക്

## ടൂറിസം മേഖലകൾ കണ്ടെത്തുവാൻ സർവ്വെ

| ചോദ്യം<br>ശ്രീ.ടി.എ.അഹമ്മദ് കബീർ : | | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ, സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി |
|---|---|---|---|
| എ) | വിനോദ സഞ്ചാര മേഖലയിൽ കൂടുതൽ മെച്ചപ്പെട്ട പ്രവർത്തനങ്ങൾക്കായി ഒരോ നിയോജക മണ്ഡലാടിസ്ഥാനത്തിൽ സർവ്വെ നടത്തി ടൂറിസം മേഖലകൾ കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | എ) യും ബി) യും | നിയോജക മണ്ഡലാടിസ്ഥാനത്തിൽ സർവ്വെ നടത്താനുള്ള നടപടി ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ ഓരോ നിയോജക മണ്ഡലത്തിലെയും ടൂറിസം കേന്ദ്രങ്ങളെക്കുറിച്ച് ബന്ധപ്പെട്ട എംഎൽഎ മാർ നൽകുന്ന നിർദ്ദേശങ്ങളും ടൂറിസം വകുപ്പ് പദ്ധതികൾ നടപ്പാക്കുമ്പോൾ പരിഗണിക്കുന്നുണ്ട്. |
| ബി) | ഇതിനായി നിയമസഭാ സാമാജികൻ അദ്ധ്യക്ഷനായ ഒരു കമ്മിറ്റി മണ്ഡലാടിസ്ഥാനത്തിൽ രൂപീകരിച്ച് മേഖല കണ്ടെത്തുന്നതിനും യോജ്യമായ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനും നടപടി സ്വീകരിക്കുമോ; | | |
| സി) | മങ്കട നിയോജക മണ്ഡലത്തിലെ പാലൂർക്കോട്ട വെള്ളച്ചാട്ട മേഖലയെ ടൂറിസം മേഖലയായി മാറ്റി അടിസ്ഥാന സൗകര്യങ്ങൾ നൽകുമോ; ഇതിനായി ഫണ്ട് അനുവദിക്കുമോ? | സി) | അനുയോജ്യമായ പദ്ധതി രൂപരേഖകൾ ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ